പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1484 — 04.12.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി. എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം പൂർത്തിയാക്കി യിട്ടുണ്ടെന്നുമുള്ള വിവരം അവയുടെ അടങ്കൽ തുകയും ചെലവഴിച്ച തുകയും ഉൾപ്പെടെ ജില്ലതിരിച്ച് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി. എസ്.വൈ. പദ്ധതിയിൽ 415 റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 93 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച റോഡുകളുടെ ജില്ല തിരിച്ചുള്ള .കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | മുൻസർക്കാരുകളുടെ കാലത്ത് ഭരണാനുമതി നൽകിയതോ, നിർമ്മാണം ആരംഭിച്ചതോ ആയ പ്രസ്തുത പദ്ധതിയിൽപ്പെട്ട റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അവയിൽ പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയെന്നുമുള്ള വിവരം വിശദാംശങ്ങൾ ഉൾപ്പെടെ ജില്ലതിരിച്ച് അറിയിക്കുമോ? | (ബി) | മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകി നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണ മില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത് പരമാവധി 42 ശതമാനം ടെണ്ടർ പ്രീമിയം അനുവദിച്ചത് വഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. കൂടാതെ വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ മുൻഘട്ടങ്ങളിലെ 130 കി.മീ. ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 PMGSY Schedule of rate പ്രകാരം സംസ്ഥാന സർക്കാർ വിഹിതമായി രൂപ 60.64 ലക്ഷം അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പൂർത്തിയാക്കിയ റോഡുകളുടെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്